പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 67 — 14-10-2026-ൽ മറുപടിയ്ക്ക്

**<u>കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. കെ. സനോജ്

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. കെ. വി. സുമേഷ്

ശ്രീ. എം. വിജിൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ

(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് നൈപുണ്യ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മികവിന്റെ കേന്ദ്രങ്ങൾ, അക്രഡിറ്റഡ് സ്ഥാപനങ്ങൾ, ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ എന്നിവ വഴി വ്യവസായ മേഖലയുടെ ആവശ്യകതകൾക്കും മാറുന്ന കാലഘട്ടത്തിനും അനുസൃതമായി നൈപുണ്യ പരിശീലനം ഉറപ്പാക്കുക, പരിശീലന സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, വിവിധ വിഭാഗങ്ങളിലുള്ള ഉദ്യോഗാർത്ഥികൾക്ക് തൊഴിലധിഷ്ഠിത പരിശീലന അവസരങ്ങൾ ലഭ്യമാക്കുക എന്നീ പ്രവർത്തനങ്ങൾ KASE ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ നൈപുണ്യ വികസന പദ്ധതികളും നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി മികവിന്റെ കേന്ദ്രങ്ങൾ, അക്രഡിറ്റഡ് സ്ഥാപനങ്ങൾ, ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ എന്നിവ വഴി കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടർ ബോർഡ് 18.09.2026-ലെ സ.ഉ(സാധാ)നം.1019/2026/LBR, 05.10.2026-ലെ 1082/2026/LBR ഉത്തരവുകൾ പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം-2, 3 ആയി ചേർത്തിട്ടുണ്ട്. മറ്റ് വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** ഒരു സ്വകാര്യ യൂണിവേഴ്സിറ്റിയുടെ പ്രതിനിധിയെ സ്വകാര്യ സ്ഥാപന നോമിനിയായി പുതിയ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** പ്രസ്തുത പ്രതിനിധിയുടെ പേരിൽ ക്രിമിനൽ കേസ് നിലവിലുണ്ടെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

അനുബന്ധം -1

## കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി മികവിന്റെ കേന്ദ്രങ്ങൾ, അക്രഡിറ്റഡ് സ്ഥാപനങ്ങൾ, ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ എന്നിവ വഴി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ.

- **മികവിന്റെ കേന്ദ്രങ്ങൾ**

ആധുനിക സാങ്കേതികവിദ്യയും വ്യവസായ നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങളും പ്രയോജനപ്പെടുത്തി ബന്ധപ്പെട്ട തൊഴിൽ മേഖലകളുടെ ആവശ്യകതകൾക്ക് അനുയോജ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിനായി KASE വിവിധ മേഖലകളിൽ 'മികവിന്റെ കേന്ദ്രങ്ങൾ' (CoEs) സ്ഥാപിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുകയും വ്യവസായ മേഖലയ്ക്ക് ആവശ്യമായ നൈപുണ്യമുള്ള മനുഷ്യവിഭവശേഷി വികസിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

നിർമ്മാണ മേഖലയിലെ നൈപുണ്യ വികസനത്തിനായി കൊല്ലം ജില്ലയിലെ ചവറയിൽ 'ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ' (IIIC), എറണാകുളം ജില്ലയിലെ അങ്കമാലിയിൽ ഓയിൽ ആൻഡ് റിഗ് (Oil and Rig) മേഖലയ്ക്കായി 'എസ്പോയർ അക്കാദമി' (ESPOIR Academy), തിരുവനന്തപുരം ജില്ലയിൽ ലൈഫ് സയൻസ് മേഖലയ്ക്കായി 'സെന്റർ ഓഫ് എക്സലൻസ് ഇൻ ലൈഫ് സയൻസ്", ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC)-മായി സഹകരിച്ച് 'ഒക്കുപ്പേഷണൽ ട്രെയിനിംഗ് ആൻഡ് എക്സാമിനേഷൻ സെന്റർ' (Occupational Training and Examination Centre) എന്നീ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിച്ച് വരുന്നു.

- **ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ (District Skill Development Centres - DSDC)**

തൊഴിൽദാതാക്കളുടെ ആവശ്യകതകളും തൊഴിലന്വേഷകരുടെ താല്പര്യങ്ങളും മുൻനിർത്തി ജില്ലാതലത്തിലെ തൊഴിൽപരമായ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും നൈപുണ്യ പരിശീലനങ്ങൾ കൂടുതൽ കാര്യക്ഷമമായി ആസൂത്രണം ചെയ്യുന്നതിനുമാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് 'ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ' (DSDC) ആവിഷ്കരിച്ചിട്ടുള്ളത്. ഗ്രാമീണ മേഖലകളിൽ നിന്നുള്ളവർ ഉൾപ്പെടെ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് നൈപുണ്യ വികസന അവസരങ്ങൾ വർദ്ധിപ്പിക്കുകയാണ് ഈ കേന്ദ്രങ്ങളുടെ പ്രധാന ലക്ഷ്യം. നൈപുണ്യ പരിശീലനം നൽകുന്ന കേന്ദ്രം എന്നതിന് പുറമെ, തൊഴിൽ പരിശീലനങ്ങളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ലഭ്യമാകുന്ന ഏകജാലക സംവിധാനമായും DSDC-കൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിലായി ആറ് ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ജില്ലാ നൈപുണ്യ വികസന കേന്ദ്രം** | **നിയോജകമണ്ഡലം** | **സ്ഥാപിതമായ വർഷം** |
|---|---|---|
| കൊല്ലം | ചവറ | 2015 |
| പാലക്കാട് | തൃത്താല | 2015 |
| കോഴിക്കോട് | കോഴിക്കോട് സൗത്ത് | 2015 |
| കാസർഗോഡ് | ഉദുമ | 2022 |
| തിരുവനന്തപുരം | നേമം | 2024 |
| പത്തനംതിട്ട | കോന്നി | 2024 |

- **<u>നൈപുണ്യ പരിശീലന സ്ഥാപനങ്ങളുടെ അക്രഡിറ്റേഷനും ഗുണനിലവാരം ഉറപ്പാക്കലും:</u>**

സംസ്ഥാനത്തെ നൈപുണ്യ പരിശീലന സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും പരിശീലന സംവിധാനത്തെ കൂടുതൽ നിലവാരമുള്ളതാക്കുന്നതിനുമായി KASE ഒരു അക്രഡിറ്റേഷൻ സംവിധാനം (Training Partner Accreditation) ആവിഷ്കരിച്ചിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ പരിശീലന സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ, പരിശീലന ശേഷി, പരിശീലകരുടെ യോഗ്യത, പാഠ്യപദ്ധതി, പരിശീലന സൗകര്യങ്ങൾ, വ്യവസായ ബന്ധങ്ങൾ, പ്രായോഗിക പരിശീലനം (On-the-Job Training - OJT), തൊഴിൽ പ്ലേസ്മെന്റ് സാധ്യതകൾ തുടങ്ങിയ വിവിധ ഘടകങ്ങൾ വിലയിരുത്തുന്നു. നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങൾക്ക് KASE അംഗീകാരം (Accreditation) നൽകുകയും, അവർ സമർപ്പിക്കുന്ന കോഴ്സുകൾ ബന്ധപ്പെട്ട നടപടിക്രമങ്ങൾ പ്രകാരം പരിശോധിച്ച് വിലയിരുത്തിയ ശേഷം KASE-ന്റെ അഫിലിയേറ്റഡ് (Affiliated) കോഴ്സുകളായി പരിഗണിക്കുകയും ചെയ്യുന്നു. സംസ്ഥാനത്ത് ഗുണമേന്മയുള്ള നൈപുണ്യ പരിശീലന സ്ഥാപനങ്ങളുടെ ഒരു ശൃംഖല വികസിപ്പിക്കുക, പരിശീലന നിലവാരത്തിൽ ഏകീകരണം കൊണ്ടുവരിക, വ്യവസായ ആവശ്യകതകൾക്ക് അനുയോജ്യമായ പരിശീലനം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

- **പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY) 4.0**

കേന്ദ്ര നൈപുണ്യ വികസന-സംരംഭകത്വ മന്ത്രാലയത്തിന്റെ (MSDE) നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY) 4.0 പദ്ധതിയുടെ ഭാഗമായി കേരളത്തിൽ പരിശീലന പരിപാടികൾ കെയ്സ് നടപ്പിലാക്കിവരുന്നു. PMKVY-യുടെ മുൻഘട്ടങ്ങളായ PMKVY 2.0, PMKVY 3.0 എന്നിവയും കെയ്സ് മുഖേനയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്നത്.

- **സ്കിൽസ് അക്വിസിഷൻ ആൻഡ് നോളജ് അവയർനെസ് ഫോർ ലൈവ്‌ലിഹുഡ് പ്രൊമോഷൻ (SANKALP)**

ലോകബാങ്ക് ധനസഹായത്തോടെ കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയം നടപ്പിലാക്കിയ സങ്കൽപ് (SANKALP) പദ്ധതി കെയ്സ് വഴിയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയത്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ തൊഴിൽ സാധ്യതയുള്ള മേഖലകളിൽ നൈപുണ്യ വികസന പരിശീലനങ്ങൾ സംഘടിപ്പിച്ചു. ടെലികോം, ഹെൽത്ത്കെയർ, ഇലക്ട്രോണിക്സ്, കൺസ്ട്രക്ഷൻ തുടങ്ങിയ ആധുനിക മേഖലകൾക്ക് പുറമെ പരമ്പരാഗതവും പ്രാദേശികവുമായ തൊഴിൽ മേഖലകളിലും പരിശീലനങ്ങൾ സംഘടിപ്പിച്ചു.

- **വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ചുള്ള നൈപുണ്യ വികസനം:**

വിവിധ സർക്കാർ വകുപ്പുകളുടെ ആവശ്യകതയും ബന്ധപ്പെട്ട വിഭാഗങ്ങളുടെ നൈപുണ്യ വികസന ആവശ്യങ്ങളും പരിഗണിച്ച് KASE സംയുക്ത നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇത്തരം പദ്ധതികളിലൂടെ പ്രത്യേക വിഭാഗങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നത് തരത്തിലുള്ള പരിശീലനവും, ബന്ധപ്പെട്ട മേഖലകളിലെ തൊഴിൽ ആവശ്യകതകൾക്ക് അനുയോജ്യമായ അവസരങ്ങളും ഒരുക്കുന്നു. നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ, വനിതകൾ എന്നിവർക്കായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുമായി സഹകരിച്ചാണ് നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

- **തദ്ദേശതല സംയോജനവും നൈപുണ്യ ആസൂത്രണവും:**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഏകോപനം സാധ്യമാക്കി പ്രാദേശിക തൊഴിൽമേഖലയ്ക്ക് അനുയോജ്യമായി നൈപുണ്യ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള ആശയരേഖ (Concept Note) തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രാദേശിക ആവശ്യകതകൾ നിർണ്ണയിക്കുന്നതിനും ബന്ധപ്പെട്ട പങ്കാളികളെ ഏകോപിപ്പിക്കുന്നതിനുമായി ജില്ലാതല ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

- **സംസ്ഥാനതല ഏകോപനവും പൊതു-സ്വകാര്യ പങ്കാളിത്തവും**

സംസ്ഥാനത്തെ വിവിധ നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ പരിശീലന അവസരങ്ങൾ വിപുലീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലൂടെ നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ ഏകോപിതവും വസ്തുതാധിഷ്ഠിതവുമായ ആസൂത്രണം ഉറപ്പാക്കുന്നതിനും ആവശ്യാനുസൃതമായി പരിശീലന സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനാകും.

- **NCVET – ഇരട്ട അംഗീകാരം (Dual Recognition)**

സംസ്ഥാനത്ത് നിലവിൽ വിവിധ സ്ഥാപനങ്ങൾ വഴി നൈപുണ്യ പരിശീലനം നൽകി വരുന്നുണ്ടെങ്കിലും അവയിൽ ഭൂരിഭാഗവും നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF) അധിഷ്ഠിതമല്ലാത്തതിനാൽ ഉദ്യോഗാർത്ഥികൾക്ക് ദേശീയ-അന്തർദ്ദേശീയ തലങ്ങളിലെ ഉയർന്ന തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് തടസ്സം നേരിടുന്നുണ്ട്. കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന് കീഴിലെ പരമോന്നത റെഗുലേറ്ററി ഏജൻസിയായ 'നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ് (NCVET) നിർദ്ദേശിക്കുന്ന NSQF മാനദണ്ഡങ്ങൾക്ക് അനുസൃതമായി തൊഴിലധിഷ്ഠിത പരിശീലനങ്ങൾ ക്രമീകരിക്കുന്നതിനായി, സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE 'ഡ്യൂവൽ കാറ്റഗറി അംഗീകാരം' (അവാർഡിംഗ് ബോഡി & അസസ്മെന്റ് ഏജൻസി) നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം. 2

C3/133/2026-LBRD

# GOVERNMENT OF KERALAM

## Abstract

Labour & Skills Department – Kerala Academy for Skills Excellence – Board of Directors - Reconstituted - Orders issued.

## LABOUR & SKILLS (C) DEPARTMENT

G.O.(Rt)No.1019/2026/LBR Dated,Thiruvananthapuram, 18-09-2026

Read 1) GO(Rt)No.958/2023/LBR dated 09.08.2023.

2) Letter No.KASE/1038/2020-Exe5 dated 16.07.2026 & 20.08.2026 from the Managing Director, Kerala Academy for Skills Excellence

## ORDER

The Board of Directors of Kerala Academy for Skills Excellence was reconstituted in 2023 as per the Government Order read as 1st paper above. As per letter read as 2nd paper above, the Managing Director, Kerala Academy for Skills Excellence has submitted that many changes have been made in the inter departmental arrangements consequent to taking over of charge of new Government and requested to Government to reconstitute the Board of Directors of KASE for administrative convenience of KASE and for better co-ordination of its plan schemes according to the changed circumstances .

2) Government have examined the matter in detail and are pleased to reconstitute the Board of Directors of Kerala Academy for Skills Excellence as follows:

| | | |
|---|---|---|
| 1) | Secretary (Skill Development) | Chairperson & Director |
| 2) | Shri. V. T. Balram, MLA, Thrithala | Director |
| 3) | Secretary (Finance Expenditure), Finance Department | Director |
| 4) | Special Secretary, Sports & Youth | Director |

| | | |
|---|---|---|
| | Affairs Department | |
| 5) | Managing Director, Kerala Academy for Skills Excellence | Director |
| 6) | Director, Industrial Training Department | Director |
| 7) | Director, Industries & Commerce | Director |
| 8) | Chief Operating Officer, Kerala Academy for Skills Excellence | Director |
| 9) | Shri. Tom Manappurathu Joseph, Executive Director, International Skill Development Corporation Ltd & Director, Jain University | Director |
| 10) | Chief Executive Officer, Kerala Startup Mission | Director |

(By order of the Governor)
LEENA LITTY D
ADDITIONAL SECRETARY

To:

1. Managing Director, Kerala Academy for Skills Excellence.
2. Director, Industrial Training Department.
3. All the Board of Directors (through MD, KASE).
4. The Principal Accountant General (Audit/A&E), Kerala, Thiruvananthapuram.
5. Finance (Expenditure) Department.
6. Sports & Youth Affairs Department

7. Industries Department.
8. Information & Public Relations Department. (for publishing in the Official website)
9. Stock File/Office Copy.

Forwarded /By order

Digitally signed by
Usha Rani L
Date: 19-09-2026
13:44:59

Section Officer

Copy to:-

1) Private Secretary to Minister (Forest, Wild Life & Skill Development)
2) CA to Secretary (Skill Development)

അനുബന്ധം - 3

LBRD-C3/133/2026-LBRD

**GOVERNMENT OF KERALAM**

**Abstract**

Labour & Skills Department – Kerala Academy for Skills Excellence – Board of Directors - Reconstituted - Orders issued.

LABOUR & SKILLS (C) DEPARTMENT

G.O.(Rt)No.1082/2026/LBR Dated,Thiruvananthapuram, 05-10-2026

Read 1 GO(Rt)No.1019/2026/LBR dated 18.09.2026

2 Representation dated 26.09.2026 received from Shri. Tom Manappurathu Joseph, Executive Director, International Skill Development Corporation Ltd & Director, Jain University.

**ORDER**

The Board of Directors of Kerala Academy for Skills Excellence was finally reconstituted as per the Government Order read as 1st paper above. As per the representation read as 2nd paper above Shri. Tom Manappurathu Joseph, Executive Director, International Skill Development Corporation Ltd & Director, Jain University has informed that he is respectfully declining to accept his appointment as Director in the Board of Directors of Kerala Academy for Skills Excellence, issued as per the Government Order read as 1st paper above.

2) In the circumstance Government have examined the matter in detail and are pleased to reconstitute the Board of Directors of Kerala Academy for Skills Excellence as follows:

| | | |
|---|---|---|
| 1 | Secretary (Skill Development) | Chairperson & Director |
| 2 | Shri. V. T. Balram, MLA, Thrithala | Director |
| 3 | Secretary (Finance Expenditure), Finance Department | Director |
| 4 | Special Secretary, Sports & Youth | Director |

| | | |
|---|---|---|
| 4 | Special Secretary, Sports & Youth Affairs Department | Director |
| 5 | Managing Director, Kerala Academy for Skills Excellence | Director |
| 6 | Director, Industrial Training Department | Director |
| 7 | Director, Industries & Commerce | Director |
| 8 | Chief Operating Officer, Kerala Academy for Skills Excellence | Director |
| 9 | Sri. Dilip Chenoy, 20 Sunder Nagar, New Delhi. 110 003 | Director |
| 10 | Chief Executive Officer, Kerala Startup Mission | Director |

(By order of the Governor)
LEENA LITTY D
ADDITIONAL SECRETARY

1. Managing Director, Kerala Academy for Skills Excellence.
2. Director, Industrial Training Department.
3. All the Board of Directors (through MD, KASE).
4. The Principal Accountant General (Audit/A&E), Kerala, Thiruvananthapuram.
5. Finance (Expenditure) Department.
6. Sports & Youth Affairs Department
7. Industries Department.
8. The Information & Public Relations Department. (for publishing in the Official website)
9. Stock File/Office Copy.

Forwarded /By order
Digitally signed by
Usha Rani I
Date: 06-10-2026
11:54:21

Section Officer

Copy to:-

1) Private Secretary to Minister (Forest, Wild Life & Skill Development)

2)CA to Secretary (Skill Development)